മലയാള മനോരമ

# കോൺസുൽ ജനറൽ ഓഫ് ഇന്ത്യ ഡോ. അനുപം റേയ്ക്ക് സ്വീകരണം നൽകി

Saturday 14 May 2016 12:45 PM IST
by



ഹൂസ്റ്റൺ ● ഇന്ത്യൻ കോൺസുൽ ജനറലായി ഹൂസ്റ്റണിൽ ചുമതലയേറ്റ ഡോ. അനുപം റേയ്ക്ക് ഇന്ത്യൻ അമേരിക്കൻ ഫ്രണ്ട് ഷിപ്പ് കൗൺസിൽ (IAFC) സ്വീകരണം നൽകി. ഐഎഎഫ്സി പ്രസിഡന്റ് ഡോ. പ്രസാദ് തോട്ടക്കൂറയുടെ അധ്യക്ഷതയിൽ മെയ് 13 വെള്ളിയാഴ്ച നടന്ന സ്വീകരണത്തിൽ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ടയ്ബ് കുണ്ടൻവാല സ്വാഗതം ആശംസിച്ചു.

മാതൃ രാജ്യമായ ഇന്ത്യയുടെ പുരോഗതിയിൽ ഇന്ത്യൻ കമ്യൂണിറ്റി വഹിക്കുന്ന പങ്കിനെ കുറിച്ചും പ്രദേശിക തലത്തിൽ നടത്തുന്ന സേവനങ്ങളെ കുറിച്ചും പ്രസാദ് തോട്ടക്കൂറ അധ്യക്ഷ പ്രസംഗത്തിൽ ചൂണ്ടിക്കാട്ടി.
ഡാലസ് ഫോർട്ട് വർത്ത് ഇന്ത്യൻ കമ്മ്യൂണിറ്റിയുടെ കൂട്ടായ പ്രവർത്തനത്തിന്റെ ഫലമായി നിർമ്മിച്ച മഹാത്മഗാന്ധി മെമ്മോറിയൽ പ്ലാസ (അമേരിക്കയിലെ തന്നെ ഏറ്റവും വലിയ ഗാന്ധി മെമ്മോറിയൽ) സന്ദർശിക്കുന്നതിന് അനുപം റെയെ, എംജിഎംഎൻടി ചെയർമാൻ കൂടിയായ ഡോ. പ്രസാദ് ക്ഷണിച്ചു.

പ്രവാസി സമൂഹം ഇന്ത്യൻ സമ്പദ് ഘടനയുടെ വളർച്ചയിൽ വഹിക്കുന്ന പങ്കിനെ കോൺസുൽ ജനറൽ പ്രത്യേകം അഭിനന്ദിച്ചു. ഗാന്ധി മെമ്മോറിയൽ പാർക്ക്



സന്ദർശിക്കുന്നതിനുള്ള ക്ഷണം സ്വീകരിക്കുകയും ചെയ്തു. 1994 ൽ ഇന്ത്യൻ ഫോറിൻ സർവീസിൽ ചേരുന്നതിനു മുമ്പ് ന്യൂറോ സർജറി റസിഡന്റായിരുന്ന അനുപം ബംഗ്ലാദേശ്, ശ്രീലങ്ക, ന്യൂയോർക്ക്, യുഎൻ സെക്രട്ടേറിയറ്റ് കൗൺസിൽ എന്നിവയിൽ ഇന്ത്യയെ പ്രതിനിധീകരിച്ചിട്ടുണ്ട്.

ഇംഗ്ലീഷ്, ജർമൻ, ഹിന്ദി ഭാഷകൾ അനായാസം കൈകാര്യം ചെയ്യുന്ന റേയുടെ സേവനം ഹൂസ്റ്റൻ കോൺസുൽ ജനറൽ ഓഫീസ് പ്രവർത്തനങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് വഴിയൊരുക്കുമെന്ന് പ്രതീക്ഷിക്കുന്നതായി നേതാക്കൾ പറഞ്ഞു. റാവുകൽവേല, റാണജനി, മുരളി തുടങ്ങിയവർ പ്രസംഗിച്ചു.

വാർത്ത ● പി. പി. ചെറിയാൻ